## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4419 — 17.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### കേന്ദ്ര ബാലനീതി നിയമം

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്. പി : | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
|---|---|---|
| (എ) | കേരളത്തിലെ അനാഥ മന്ദിരങ്ങൾ കേന്ദ്ര ബാലനീതി നിയമ (Juvenile Justice Act-2015) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. 15/01/2016 മുതൽ പ്രാബല്യത്തിൽ വന്ന 2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ) ആക്റ്റിലെ 41 (1) വകുപ്പ പ്രകാരം എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടണമെന്ന് അനുശാസിക്കുന്നു. രജിസ്ട്രേഷൻ നേടാതെ ചൈൽഡ് കെയർ സ്ഥാപനങ്ങൾ നടത്തുന്നത് കുറ്റകരമാണ്. ഈ വ്യവസ്ഥ പാലിക്കാതെ ചൈൽഡ് കെയർ സ്ഥാപനങ്ങൾ നടത്തുന്നത് ഒരു വർഷത്തെ തടവിനോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടെയോ ചുമത്താവുന്ന കുറ്റമാണ്. |
| (ബി) | കേന്ദ്ര ബാലനീതി നിയമത്തിലെ 110,70 വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച നിജസ്ഥിതി വെളി പ്പെടുത്തുമോ ; | (ബി) സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കേന്ദ്ര ബാലനീതി നിയമം നടപ്പിലാക്കുമ്പോൾ അനാഥാലയങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാലനീതി നിയമത്തിൽ നിഷ്കർഷിച്ചിരിക്കുംപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുമ്പോഴും സ്റ്റാഫുകളെ നിയമിക്കുമ്പോഴും അനാഥാലയങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാൻ സാധ്യതയുണ്ട്. |
| (ഡി) | ഇങ്ങനെ അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുമോ ; | (ഡി) തീരുമാനിച്ചിട്ടില്ല. |
| (ഇ) | കേന്ദ്ര ബാലനീതി നിയമപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്ന അവസരത്തിൽ കേരളത്തിലെ അനാഥമന്ദിരങ്ങളുടെ | (ഇ) പരിശോധിക്കാവുന്നതാണ്. |

അഭിപ്രായം കൂടി കണക്കിലെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്ര ബാലനീതി നിയമം അനാഥാലയങ്ങളുടെ ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എങ്കിൽ അപ്രകാരമുള്ള ഏറ്റെടുക്കൽ ഭരണഘടന ഉറപ്പ് നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കും വഖഫ് കരാറിനും വിരുദ്ധമാകുമോയെന്ന് പരിശോധിക്കുമോ ?

(എഫ്) ഇല്ല.

**സെക്ഷൻ ഓഫീസർ**